CHIEF LEPROSY OFFICER

539. Mr. Paramel Ipe Ipe *(Kunnamkulam)*: Will Goverоment be pleased to state.—

(*a*) whether the Chief Leprosy Officer camps at Ernakulam on two days in every week;

(*b*) is he camping two days in every week at Trichur for the needs of the people of the northern taluks;

(*c*) if not, is it not possible to arrange his programme in such a way as to have his camp at Trichur on two days in every week ?

Mr. C. J. Mathew *(Secretary to Government)*:

(*a*) Yes.

(*b*) No; but he will be at Trichur for 4 days in a month.

(*c*) This will be examined.

ARECANUT GROWERS—T. P. 3 FORMS

540. Mr. V. R. Krishnan Ezhuthassan *(Oorakam)*: Will Government be pleased to state.—are Government aware that the enforcement of the T. P. 3 Form on areca growers is causing serious harassment to them ?

Mr. C. J. Mathew *(Secretary to Government)*:

T. P. 3 Forms need not be used by areca-growers. They are to be used only by those who transport husked tender nuts പൊങ്ങ as repuired by the rules. No harassment is caused thereby, though there may be some inconvenience as in every other case where a rule imposes a restriction on free movement.

DEPRESSED CLASSES—APPOINTMENT IN THE FOOD SUPPLIES DEPARTMENT

541. മിസ്റ്റർ കെ. കെ. കണ്ണൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവൺമെണ്ടിൽനിന്നും സദയം മറുപടി പറയുമോ.—

ഫുഡ്"സപ്ലൈ വകുപ്പിൽ അധഃകൃതരിൽനിന്ന ഫീൽഡ്"ആഫീസർമാരായി എത്രപേരുണ്ട് ?

റാവുസാഹിബ്" എം. എം. പോൾ : ൪ പേർ.

542. മിസ്റ്റർ കെ. കെ. കണ്ണൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവൺമെണ്ടിൽനിന്നും സദയം മറുപടി പറയുമോ.—

(എ) ഫുഡ്"സപ്ലൈ വകുപ്പിൽ അധഃകൃതരിൽനിന്ന ൨ ൫൫ മുതൽ ൪ ൦൫ വരെയുള്ള ഗ്രെയിഡിൽ എത്രപേരെ നിയമിച്ചിട്ടുണ്ട് ;

(ബി) ഈ ഗ്രെയിഡിൽതന്നെ മറ്റ സമുദായങ്ങളിൽ നിന്നും എത്രപേർ വീതം നിയമിച്ചിട്ടുണ്ട് ?

റാവുസാഹിബ്" എം. എം. പോൾ :

(എ) ൧൩ പേർ.

(ബി) നായർ	൨ ൭	റോമോസിറിയർ	൨ ൫
ബ്രാഹ്മണർ	൨൨	ലത്തീൻകത്തോലിക്കർ	൫
ഈഴവർ	൨ ൪	മറ്റ ക്രസ്ത്യൻ	൧
മറ്റ ഹിന്ദുക്കൾ	൨ ൪	മുസ്ലീം	൩

CERTAIN APPOINTMENTS IN THE FOOD SUPPLIES DEPARTMENT

543. മിസ്റ്റർ ജോസ്" കെ. വണ്ടിസ്സ് : താഴെ പറയുന്ന ചോദ്യങ്ങൾക്ക ഗവൺമെണ്ട സദയം മറുപടി പറയുമോ.—

(എ) ൧൯൪൨ കുംഭമാസത്തിൽ ഇ. ഗോപാലൻനായർ, കെ. പി. അന്തോണി, യു. സി. തോമാസ് മുതൽപേർ കറെ ആളുകളെ ൨ ൫ ൦ രൂപാവീതം ഡെപ്പോസിറ്റ കെട്ടിച്ച ഉദ്യോഗത്തിൽ നിയമിച്ചുവോ ;

(ബി) ൧൯൪൨ കർക്കടകത്തിൽതന്നെ അവർ ഉദ്യോഗം രാജിവെച്ചുപോയോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) അവർ അന്നുമുതൽ ഇന്നുവരെ ഡെപ്പോസിറ്റുസംഖ്യകളും മടക്കികിട്ടാൻ ആവശ്യപ്പെട്ടിട്ടും കൊടുക്കാത്തതു് എന്തുകൊണ്ടാണെന്നു പറയുമോ ?

റാവുസാഹിബു് എം. എം. പോൾ :

(എ) ഉവ്വു്.

(ബി) ൧൯൪൨ കുടികഴിഞ്ഞതിനു മുമ്പുതന്നെ അവർ ഉദ്യോഗം വിട്ടിട്ടുണ്ടു്.

(സി) അവരുടെ പേരിൽ ചുമതലകളും ഉള്ളതുകൊണ്ടു ഡെപ്പോസിറ്റുസംഖ്യ മടക്കികൊടുത്തിട്ടില്ല.

DEPRESSED CLASSES—ASSIGNMENT OF PORAMBOKE LANDS

544. മിസ്റ്റർ കെ. കൊച്ചുകുട്ടൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവൺമെണ്ടു ദയവായി മറുപടി പറയുമോ.—

(എ) ൧൯൦൭ മുതൽ ഇതുവരെ റവന്യൂ ഡിപ്പാർട്ടുമെണ്ടിൽനിന്നും നേരിട്ടു എത്ര അധഃകൃതർക്കു പട്ടയത്തിന്മേൽ (ലൈസൻസിന്മേലല്ല) പുതുവൽസ്ഥലങ്ങൾ പതിച്ചുകൊടുത്തിട്ടുണ്ടു് ;

(ബി) അതെ എത്ര ഏക്കർ സ്ഥലം ഇങ്ങിനെ കൊടുത്തിട്ടുണ്ടു് ;

(സി) ൧൯൦൭ മുതൽ ഇതുവരെ അധഃകൃതരല്ലാത്ത എത്രപേർക്കു പുറമ്പോക്കുസ്ഥലങ്ങൾ പട്ടയത്തിന്മേൽ പതിച്ചുകൊടുത്തിട്ടുണ്ടു് ;

(ഡി) ഇങ്ങിനെ പതിച്ചുകൊടുത്തിട്ടുള്ളതു് എത്ര ഏക്കർ സ്ഥലമാണു് ?

റാവുസാഹിബു് എ. മാധവപ്രഭു :

(എ) ൧൦൭ പേർക്കു്.

(ബി) ൩൯൫ ഏക്രു് ൩൩ സെൻറ്.

(സി) ൧൭൬ പേർക്കു്.

(ഡി) ൩൯൫ ഏക്രു് ൪൩ സെൻറ്.

KOLE CULTIVATORS—SUBSIDY FOR

545. മിസ്റ്റർ കെ എസ്സു്. പണിക്കർ : താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവൺമെണ്ടു സദയം മറുപടി പറയുമോ.—

(എ) കോൾകൃഷിക്കാർക്കു് ഏക്കർ ഒന്നിനു ൪൳. പ്രകാരം ഫ്രഫഠൽ (Subsidy) സബ്സിഡി കൊടുക്കുവാൻ ഗവൺമെണ്ടു തീരുമാനിച്ചിട്ടില്ലേ ;

(ബി) അതിൽ ആകെക്കിലും ഇതുവരെ സബ്സിഡി കൊടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ അതൊക്കെ കൊടുത്തു ;

(സി) ആകെ എത്ര ഏക്കർ നിലത്തിനു സബ്സിഡി കൊടുത്തു ;

(ഡി) ആക്കും കൊടുത്തിട്ടില്ലെങ്കിൽ അതിനുള്ള കാരണമെന്തു് ?

റാവുസാഹിബു് എ. മാധവപ്രഭു : (എ) ഉണ്ടു്. തൃശ്ശിവപേരൂർ താലൂക്കിലെ കോൾകൃഷിക്കാർക്കു മാത്രം.

(ബി) അതും ഇതുവരെ കൊടുത്തിട്ടില്ല.

(സി) ഉത്തരം ആവശ്യമില്ല.

(ഡി) എല്ലാവരുടേയും പേരുവിവരവും ഓരോരുത്തർക്കും കൊടുക്കേണ്ടതായ തുകയും തിട്ടപ്പെടുത്തുവാനുള്ള വിവരങ്ങൾ മുഴുവനുമായിട്ടില്ല.

KOLE CULTIVATION—SUBSIDY FOR—IN YEARS 1119 AND 1120

546. Mr. V. R. Krishnan Ezhuthassan *(Oorakam)* : Will Government be pleased to state. —

(*a*) have Government sanctioned any subsidy for Kole cultivation in the years 1119 and 1120;

(*b*) if so what is the amount sanctioned and the amount distributed;

(*c*) what is the date on which (1) the subsidy was sactioned and (2) the same was distributed ?

Rao Sahib A. Madhava Prabhu *(Diwan Peishkar)* :

(*a*) Yes, only in 1120.

LIBRARY ARCHIVES Kerala Legislative Assembly